## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 929 — 30.11.2018-ൽ മറുപടിയ്ക്ക്.

## പാലിന്റെ ഗുണനിലവാരവും സ്വയംപര്യാപ്തതയും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി. ദിവാകരൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഇതരസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ സ്ഥിരം പാൽ പരിശോധന ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന് പുറമേ ചെക്ക് പോസ്റ്റുകളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിൽ പരിശോധന നടത്തുന്നുണ്ട്. ഓണം പോലെയുള്ള ഉത്സവ സമയങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. |
| (ബി) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി<br>2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>3. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം<br>4. ഹീഫർ പാർക്ക്<br>5. ക്ഷീരഗ്രാമം<br>6. ക്ഷീരസംഘങ്ങൾക്കുള്ള സഹായ പദ്ധതികൾ<br>7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>8. ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ<br>9. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി<br>10. സമഗ്ര ഇൻഷുറൻസ് പദ്ധതി |

സെക്ഷൻ ഓഫീസർ